Clause 18.

The question that Clause 18 stands part of the Bill was put and carried.

Clause 18 was added to the Bill.

Clause 1.

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

The Preamble and the Title.

The question that the Preamble and the title stand part of the Bill was put and carried.

The preamble and the Title were added to the Bill.

SHRI A. J. JOHN: The Third Reading of the Bill may be taken up tomorrow.

MR. DEPUTY SPEAKER: Yes.

The Travancore-Cochin General Sales Tax (Second Amendment) Bill, 1955.

Chief Minister (SHRI PANAMPILLI GOVINDA MENON): Sir, I move that the Travancore-Cochin Sales Tax (Second Amendment) Bill, 1955, as reported by the Select Committee be taken up for consideration.

Home Minister (SHRI A. J. JOHN): I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ സെയിൽസ് ടാക്സ് അമൻഡ്മെൻറ് ബിൽ ഇതിനുമുൻപ് ഈ സഭയിൽ അവതരിപ്പിച്ചുകൊണ്ട് ഇതിൻെറ ഉദ്ദേശ കാരണ വിവരങ്ങൾ വിശദീകരിക്കുകയും അതിനുശേഷം സഭയുടെ തീരുമാനം അനുസരിച്ച് സെലക്ട് കമ്മറ്റിക്ക് അയയ്ക്കുകയുമാണ് ചെയ്തത്. സെലക്ട്കമ്മിറ്റി ഈ ബില്ലിനെപ്പറ്റി നല്ലതുപോലെ പരിശോധന നടത്തുകയും അതു് അനുസരിച്ച് കാര്യമായ യാതൊരു വ്യത്യാസവും വരുത്താതെ കമ്മറ്റി റിപ്പോർട്ട് ചെയ്തിരിക്കുകയുമാണ്. പക്ഷേ, ഇതിൻെറ ഒന്നാമത്തെ ക്ലാസ് രണ്ടാമത്തെ വകുപ്പിൽ ഒരു ചെറിയ വ്യത്യാസം മാത്രം വരുത്തിയിട്ടുണ്ട്. അതു് എന്തെന്നാൽ ഈ ബില്ല് പാസ്സാക്കുന്ന തീയതി മുതൽ അതു് നടപ്പിൽ വരുത്തണം എന്നുള്ളതാണ്. അതു സംബന്ധിച്ചു മാത്രമേ ഇതിൽ വ്യത്യാസം വരുത്തിയിട്ടുള്ളൂ.

ശ്രീ. ടി. വി. തോമസ്: സർ, ഈ റിപ്പോർട്ട് ഇവിടെ അവതരിപ്പിച്ച്, അതിലേയ്ക്കുള്ള അമൻഡ്മെൻറ് അവതരിപ്പിക്കുന്നതിനുള്ള സമയം അനുവദിച്ചുകൊടുക്കേണ്ടതാണ്. അങ്ങനെ ഭേദഗതികൾ ഹാജരാക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തതിനുശേഷം പാസ്സാക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ബില്ല് വളരെ പ്രധാനപ്പെട്ട ഒരു ബിൽ ആയതുകൊണ്ട് എത്രയും വേഗത്തിൽ പാസ്സാക്കണമെന്ന് ഞാൻ ഒന്നുകൂടി അപേക്ഷിക്കുകയാണ്. എന്തെന്നാൽ സെലക്ട് കമ്മിറ്റി യുനാനിമസ്സായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബിൽ ആണ് ഇതു്. കൂടാതെ ഈ ബില്ലു് നമ്മുടെ റവന്യൂവിനെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഒന്നാണു്. ഇപ്പോൾ സെയിൽസ്ടാക്സിൽ വളരെ ഇവേഷൻ നടന്നുകൊണ്ടിരിക്കുകയാണു്. അതുനെയുള്ള ഇവേഷൻ തടയേണ്ടതു ഗവണ്മെൻറിന്റെ കടമയാണു്. സാമ്പത്തികമായി ഗവണ്മെൻറിനെ സ്പർശിക്കുന്ന ഒരു ബിൽ ആണു് ഇതു്. ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാം കഴിഞ്ഞതവണ ഈ അസംബ്ലിയിൽ തന്നെ പാസ്സായിട്ടുള്ളതാണു്. മൺപു പെട്രോളിനും മോട്ടാർ സ്പിരിറിനും രണ്ടു പോയിൻറിൽ വിൽപ്പന നികുതി കൊടുത്തുകൊണ്ടാണു് ഇരുന്നതു്. അപ്രകാരം രണ്ടുപോയിൻറിൽ കൊടുക്കുന്ന വിൽപന നികുതികൾ നിറുത്തി ഒരു പോയിൻറിൽ മാത്രമേ ഈടാക്കാവൂ എന്നു് ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പറും അദ്ദേഹത്തിന്റെ പാർട്ടിയും വളരെ ശക്തിമത്തായി വാദിച്ചിട്ടുള്ളതിനേയും മറികടം പരിഗണിച്ചാണു് ഇപ്പോൾ ഒരു പോയിൻറിൽ മാത്രമേ ഇതു സംബന്ധിച്ചുള്ള നികുതി ഈടാക്കാൻ പാടുള്ളൂ എന്നു് തീരുമാനിച്ചിരിക്കുന്നതു്. മാത്രമല്ല, ഈ ബിൽ ഇവിടെ അവതരിപ്പിച്ച സന്ദർഭത്തിൽ ഇതിനെപ്പറ്റി വലിയ അഭിപ്രായവ്യത്യാസമൊന്നും ഇല്ലായിരുന്നു. ആ സ്ഥിതിക്കു് ഗവണ്മെൻറിനു് ഈ ബിൽ പാസ്സാക്കുന്നതിനു് അന്നു് തന്നെ ഈ ബിൽ മൂവ് ചെയ്യാമായിരുന്നു. പക്ഷേ, വല്ല ഭേദഗതികളും പിന്നീടു് ഉണ്ടാകുന്നുവെങ്കിൽ സെലക്ട് കമ്മിറ്റി മുഖാന്തിരം വരുത്തിക്കൊള്ളട്ടേ എന്നു വിചാരിച്ചാണു് സെലക്ട് കമ്മിറ്റിക്കു് അയച്ചിട്ടുള്ളതു്. ഈ ബിൽ ഇന്നു് തന്നെ ആലോചനക്കെടുത്തില്ലെങ്കിൽ ഗവണ്മെൻറിനു് സാരമായ നഷ്ടം സംഭവിക്കുന്നതാണു്. ഗവണ്മെൻറിന്റെ നഷ്ടം ജനങ്ങളുടെ നഷ്ടമാണു്. ജനങ്ങളുടെ നഷ്ടത്തിന്റെ കാര്യത്തിൽ ഈ സഭയ്ക്കും ഗവണ്മെൻറിനും വളരെ ഉൽക്കണ്ഠയാണു് ഉള്ളതു്. അതുകൊണ്ടു് ഈ ബിൽ ആലോചനക്കെടുത്തു് ഇന്നുതന്നെ പാസ്സാക്കിത്തരണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

ശ്രീ. ടി. വി. തോമസ്: ഗവണ്മെൻറിനു് റവന്യൂ ഇനത്തിൽ നഷ്ടമുണ്ടാകുന്നു എന്നു പറയുന്നതു് അത്ര ശരിയല്ല. ഈ ബിൽ അനുസരിച്ചു് സെയിൽസ്ടാക്സ് അഡ്വാൻസായി കൊടുക്കേണ്ടതാണു്. മറ്റൊന്നു് രണ്ടു പോയിൻറിൽനിന്നും ഒരു പോയിൻറു് ആക്കി എന്നു പറയുന്നതിൽ, മുൻപു പെട്രോൾ ടിന്നിൽ അടച്ചു് കച്ചവടക്കാർ വിറ്റുകൊണ്ടിരുന്നപ്പോഴാണു് രണ്ടു പോയിൻറിൽ ആളുകൾ നികുതികൾ കൊടുത്തുകൊണ്ടിരുന്നതു്. ഇപ്പോൾ അങ്ങനെ അല്ല. ഇപ്പോൾ കളക്ഷനൊക്കെ അഡ്വാൻസായി കൊടുക്കണമെന്നാണു്. അതു സംബന്ധിച്ചു് ഭേദഗതി വരുത്താനും മറ്റും, അസംബ്ലി റൂൾ 90-ാം ചട്ടം അനുസരിച്ചു് ഈ ബിൽ പാസ്സിച്ചു് ഭേദഗതികൾ അവതരിപ്പിക്കുന്നതിനു് സമയം കിട്ടുന്നതിനുവേണ്ടി അപേക്ഷിക്കാൻ ഞങ്ങൾക്കു് അവകാശമുണ്ടു്. അതുകൊണ്ടു് ഇതിന്റെ ചർച്ച മറ്റന്നാളത്തേയ്ക്കു് മാറ്റണമെന്നതാണു്.

SHRI PANAMPILLI GOVINDA MENON: I concede that it is open to the Leader of the Opposition to state that the Bill be postponed for consideration day after to-morrow and I accept it. If it is so posted the House may give top priority for consideration of this Bill, *i e.* just after Interpellations this Bill may come up for discussion. That is my point.

LIBRARY ARCHIVES Kerala Legislative Assembly

SHRI T. V. THOMAS: There is one important Clause which requires looking into. And so,—

SHRI PANAMPILLI GOVINDA MENON: It appears the Leader of the Opposition wants to see that the Bill is not passed this session itself. His suggestion comes to that more or less. I say with all responsibility that the attitude taken by the Leader of the Opposition is one of obstruction which I submit, Sir, should not be allowed. If the Leader of the Opposition thinks that he has not had sufficient time to suggest amendments, I am prepared to have the Bill for consideration to-morrow, in which case, let it have top priority. If the Leader of the Opposition and other members think so and agree with the view that the Bill should be passed this session itself, let it come up the day after to-morrow.

SHRI T. V. THOMAS: That is the non-official day and it is the only day out of the 13 days business for the session. That cannot be used for official business.

SHRI PANAMPILLI GOVINDA MENON: Now that, that day is seen to be non- official day, what I submit is that Rule 90 could be waived by the Speaker, and the consideration of the Bill proceeded with. Apart from that my submission is this. There was enough notice and the Leader of the Opposition has not moved any amendment. Members belonging to his party were in the Select Committee. They did not suggest that there was anything wrong in the Bill. Therefore I would submit that the Bill be taken up either today waiving the Rule regarding want of notice or to-morrow as the first item in the agenda after Interpellations. Lakhs and lakhs of rupees will be lost to the Exchequer if this Bill is not taken up this session itself and finally passed.

ശ്രീ. ടി. വി. തോമസ്: സർ, അസംബ്ലി റൂൾസ് 90 അനുസരിച്ചുള്ള മെമ്പറന്മാരുടെ അവകാശം നിഷേധിക്കരുതെന്ന് ഞാൻ പറയുമ്പോൾ ഈ ബിൽ പാസ്സാക്കാതിരിക്കാനുള്ള നടപടികൾ ആണ് ഞാൻ കൈക്കൊള്ളുന്നതെന്നാണ് മുഖ്യമന്ത്രി പറയുന്നത്. സർ, അങ്ങേയ്ക്കിന്റെ മനഃസ്ഥിതി വച്ചുകൊണ്ട് മറ്റുള്ളവരെ അളക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ദിവസവും ഇതുപോലുള്ള ചില സാങ്കേതിക തടസ്സങ്ങൾ അങ്ങേയ്ക്കം ഉന്നയിച്ചുകൊണ്ട് ഞങ്ങൾ തടസ്സപ്പെടുത്തുകയാണ് എന്നു പറയുകയുണ്ടായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തടസ്സപ്പെടുത്താൻ എന്നല്ല ഞാൻ പറഞ്ഞത്. താമസിപ്പിക്കാൻ എന്നാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ് : സർ, നാളെ എന്ന് അദ്ദേഹം പറഞ്ഞതു് പ്രിവിലേജ് മോഷനെ സംബന്ധിച്ചുള്ള ചർച്ച തടസ്സപ്പെടുത്താനായിരിക്കുമെന്നാണ് ഞാൻ ഊഹിക്കുന്നതു്. ആകെ 13 ദിവസങ്ങളിൽ ഒരു ദിവസം മാത്രമേ അനൗദ്യോഗിക ദിവസമായി പ്രഖ്യാപിച്ചിട്ടുള്ളൂ. അതിനിടയിൽ നടപടികൾ ഒരു പക്ഷേ അവസാനിച്ചില്ലെങ്കിൽ ഒന്നോ രണ്ടോ ദിവസംകൂടി തിട്ടിവയ്ക്കുന്നതിൽ ഞങ്ങൾക്ക് വിസമ്മതമില്ല.

SHRI PANAMPILLI GOVINDA MENON : The hon. Member knows that it is not possible. So I would suggest that Government may be helped because it is in regard to an important matter, a matter affecting the public exchequer and that, all of us should be anxious. Sir, under Rule 90 the Chair has the power to allow the matter to be discussed at once. Of course notice is necessary, but it has to be decided from various aspects: This Bill was introduced sufficiently early. Nobody has moved an amendment at that stage and if there had been amendments that could have been moved in the Select Committee and considered. Now the report of the Select Committee is unanimous. The matter is practically formal. So I would suggest that either the want of notice under Rule 90 be waived or the Bill posted in the agenda paper of tomorrow as the first item after interpellations. If the House agrees to the Bill being posted for consideration the day after tomorrow, it is well. But I am told it is not possible. Anyway I am very particular that in the public interest, this Bill should be passed this Session itself.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഗവണ്മെന്റിലേക്ക് വലിയ നഷ്ടമുണ്ടെന്ന് പറയുന്നതു് എന്തുകൊണ്ടാണെന്ന് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നഷ്ടം വളരെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ തന്നെ റിസ് അനുസരിച്ച് അഡ്വാൻസ് കളക്ഷൻ ആവശ്യമാണെന്ന് ബില്ലിൽ പറഞ്ഞിരിക്കുകയാണ്. ഇതേ നടപടിതന്നെയാണ് മദ്രാസിലും സ്വീകരിച്ചിരിക്കുന്നതു്. മദ്രാസ് ഹൈക്കോടതിയിൽ ഈ തുക അഡ്വാൻസായി പിരിക്കുന്നതു് ultra vires ആണെന്ന് കാണിച്ച് ഒരു വിധി ഉണ്ടാകുകയും ആ വിധിയിന്മേൽ മദ്രാസ് ഗവണ്മെന്റ് സെയിൽസ്ടാക്സ് ബില്ല് ഭേദഗതി ചെയ്യുകയും അതനുസരിച്ച് അഡ്വാൻസ് കളക്ഷൻ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഇതിനെ സംബന്ധിച്ച് ഇൻഡ്യയിലുള്ള മറ്റു സംസ്ഥാനങ്ങൾക്കും യാതൊരു അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിട്ടില്ല. ആ സ്ഥിതിക്ക് അതേ നടപടിക്രമം തന്നെ ഇവിടെയും സ്വീകരിക്കാമെന്നു് ഉദ്ദേശിച്ചുംകൊണ്ടാണ് ഈ ബില്ലിൽ അങ്ങനെ ഒരു വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളതു്. ഇപ്പോൾ ടാക്സ് സംബന്ധിച്ച് വളരെ എളെ ഇവേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. തൻമൂലം ഗവണ്മെന്റിനു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഒരു വലിയ തുകയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. രണ്ടാമത്തെ കാര്യം, പെട്രോളിനു് രണ്ടു പായിൻറിൽ നികുതി കൊടുത്തുകൊണ്ടാണിരുന്നതു്. അതായതു് ഒരു വകുപ്പിൽ കാൽ അണയും മറ്റൊരു വകുപ്പിൽ രണ്ടണയും ഇങ്ങനെ രണ്ടേകാൽ അണ പെട്രോളിനു് നികുതിയായി ഈടാക്കിക്കൊണ്ടിരുന്നു. ഇപ്പോൾ കമ്പനിക്കാർതന്നെ ഒരു ത്രൂപക്കു് രണ്ടേകാൽ അണ ടാക്സു് കൊടുക്കേണ്ടതായിട്ടാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ബ്രാഞ്ചെൽ, എസ്സു്. വി. ഓ. സി., കാൽടെക്സു് ഈ കമ്പനികളുടെ പെട്രോൾ ബങ്കുകൾ പല സ്ഥലത്തും സ്ഥാപിച്ചിരിക്കുകയാണു്. അങ്ങനെ ഉള്ള സ്ഥലങ്ങളിൽനിന്നും, ബങ്കുകൾ അവരുടെ സ്വന്തമാണു് എന്നുള്ള കാരണത്താൽ സെയിൽസ്ടാക്സു് വസൂൽ ചെയ്യാൻ നിവൃത്തിയില്ലാത്ത രീതിയിൽ ഇരിക്കുകയാണു്. ഇവർ മാത്രമല്ല വളരെ അധികം ബസ്സും ലോറികളും മറ്റുമുള്ള മുതലാളിമാരും സ്വന്തമായി ബങ്കു വച്ചിരിക്കുകയാണു്. അങ്ങനെ ഉള്ള കുറെ അധികം മുതലാളിമാർ അതു് ഒരു സെയിൽ അല്ല എന്നും സ്വന്തമായി ആവശ്യം നടത്തുന്നതിനാണെന്നും പറഞ്ഞു് ടാക്സിൽനിന്നും ഒഴിഞ്ഞു നിൽക്കുകയാണു്. പിന്നിട്ടുള്ളതു് ഒരു ലോറിയോ, അല്ലെങ്കിൽ ഒരു കാറോ ഉള്ള പ്രൈവറ്റു് ഉടമകളാണു്. മേൽ പറഞ്ഞ കമ്പനികളുടെ ബങ്കുകളിൽ നിന്നും സെയിൽസ് ടാക്സു് കൊടുത്തു് പെട്രോൾ വാങ്ങുന്നതു്. അതിൽനിന്നും വളരെ ഉച്ചമായ ഒരു തുകയാണു് ഗവണ്മെൻറിനു് കിട്ടുന്നതു്. അങ്ങനെ വലിയ വലിയ മോട്ടോർ കമ്പനിക്കാർ രണ്ടാമത്തെ പായിൻറിൽ ഉള്ള സെയിൽസ്ടാക്സു് ഇവേഡു് ചെയ്യുന്നതിനുവേണ്ടി സ്വന്തമായി ബങ്കു് ഉണ്ടാക്കി വച്ചിരിക്കുകയാണു്. ബില്ലിലെ ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചു് ഒരു ത്രൂപക്കു് രണ്ടേകാൽ അണ പെട്രോളിനും മോട്ടോർ സ്പിരിറ്റിനു് അതായതു് ആയിൽ, ഡീസൽഓയിൽ മുതലായ വയ്ക്കു് ൻ പൈയും സെയിൽസ്ടാക്സായി കൊടുക്കണമെന്നാണു്. അങ്ങനെ ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പറിൻെറ അഭിപ്രായംപോലെ രണ്ടു പായിൻറു് എന്നുള്ളതു് ഒരു പായിൻറു് എന്നാക്കിയിരിക്കുകയാണു്. സാധാരണയായി ബഹുമാനപ്പെട്ട ആലപ്പുഴമെമ്പർ സെയിൽസ്ടാക്സിനെപ്പറ്റി ഈ സഭയിൽ പ്രസംഗിക്കുമ്പോഴെല്ലാം പാവപ്പെട്ടവൻെറ പിച്ചച്ചട്ടിയിൽനിന്നും കാശു് എടുക്കുന്ന സമ്പ്രദായമാണു് ഗവണ്മെൻറിനുള്ളതു് എന്നു് പറയാറുണ്ടു്. പക്ഷേ, പെട്രോളിനെ സംബന്ധിച്ചിടത്തോളം ഉള്ള സെയിൽസു് ടാക്സിനെപ്പറ്റി മെമ്പർ അങ്ങനെ പറയുന്ന എങ്കിൽ പാവപ്പെട്ടവനൊന്നും സ്വന്തമായി കാറോ, ലോറിയോ ഒന്നും ഇല്ലാത്തതുകൊണ്ടു് ഈ കാര്യത്തിലെങ്കിലും ആ പദപ്രയോഗം ആവർത്തിക്കുകയില്ലെന്നു് ഞാൻ വിചാരിക്കുകയാണു്. നികുതിയിനത്തിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുന്നതു് വലിയ മുതലാളിമാരാണു്. അങ്ങനെ ഉള്ളവരിൽനിന്നും ടാക്സു് നിർബന്ധമായി ഈടാക്കുന്നതിനു വേണ്ടിയാണു് ഇങ്ങനെ ഒരു വ്യവസ്ഥ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. വളരെ അധികം ഇവേഷൻ നടന്നുകൊണ്ടിരിക്കുകയാണു്. വളരെ അധികംപണം ഗവണ്മെൻറിനു് നഷ്ടപ്പെട്ടുകൊണ്ടുമിരിക്കുകയാണു്. അങ്ങനെ ഇരിക്കുന്ന ഈ സന്ദർഭത്തിൽ ഈ ബിൽ പാസാക്കുന്നതിനു് ഗവണ്മെൻറിനെ ഒരു തടസ്സവും ഉന്നയിക്കാതെ അനുകൂലിക്കയാണു് വേണ്ടതു്. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടിസ്പീക്കർ ശ്രീ. ആലപ്പുഴ മെമ്പറിനോടു് യോജിക്കുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ ബിൽ ഈ സെഷനിൽ പാസ്സാക്കി എടുക്കാൻ സാധിക്കുമോ എന്നുള്ളതു് സംശയമാണു്. അങ്ങനെ ആയാൽ നമ്മുടെ സംസ്ഥാനത്തുള്ള അധികം മുതലാളിമാർക്കും കമ്പനി ഉടമകൾക്കും സെയിൽസ്ടാക്സ് കൊടുക്കാതെ ഇനിയും അവരുടെ വ്യാപാരം ഇതേനിലയിൽതന്നെ തുടർന്നുകൊണ്ടുപോകുവാൻ അനുവദിക്കുകയായിരിക്കും ചെയ്യുന്നതു്. അങ്ങനെ മുതലാളിതപം നശിപ്പിക്കണമെന്നു് പറയുന്ന പ്രതിപക്ഷനേതാവു് മറിച്ചു മുതലാളിയെ സഹായിക്കാനുള്ള ഒരു നിലപാടു് സ്വീകരിക്കുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. ആയതിനാൽ ഇന്നുതന്നെ ഇതിനെപ്പറ്റിയുള്ള ചർച്ച നടത്തി ഭയവായി ഈ ബിൽ പാസ്സാക്കുക. അല്ലെങ്കിൽ നാളത്തേക്കു് മാറ്റിവയ്ക്കുക. അതിനപ്പുറം പോകുന്നതു ശരിയല്ല. എന്റെ സ്നേഹിതൻ പറയുന്നതുപോലെ പ്രിവിലേജു് മോഷൻ വളരെ പ്രാധാന്യം അർഹിക്കുന്നതാണു്. അതു് ഞാൻ സമ്മതിക്കുന്നു. ആ മോഷൻ നാളെ അവതരിപ്പിക്കാൻ സമയമുണ്ടു്. ആ മോഷൻ വേണമെങ്കിൽ ആദ്യം ചർച്ച നടത്തുന്നതിലും വിരോധമില്ല. അസംബ്ലി റൂൾ 90 അനുസരിച്ചു ദിവസം താമസിപ്പിക്കുന്നതു ശരിയല്ലെന്നു മാത്രമാണു് എന്റെ അഭിപ്രായം.

ശ്രീ. ടി. വി. തോമസ്: ശ്രീ. ചാലക്കുടി മെമ്പർ പറയുന്നതു് അസംബ്ലി റൂൾ 90 അനുസരിച്ചുള്ള അവകാശം ഞങ്ങൾ ആവശ്യപ്പെട്ടുന്നതു് എന്തോ ദുരുദ്ദേശം കൊണ്ടാണു് എന്നാണു്. അങ്ങനെ ഞങ്ങൾക്കു് യാതൊരു ദുരുദ്ദേശവും ഇല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ദുരുദ്ദേശം കൊണ്ടു് അല്ലായിരിക്കാം. പക്ഷെ, ഫലമതാണു്.

ശ്രീ. ടി. വി. തോമസ്: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു് രണ്ടു പായിൻറ് ഉണ്ടായിരുന്ന എസ്. ടി. ഒരു പായിൻറിൽ ആക്കിയതുകൊണ്ടും അല്ലെങ്കിൽ മുതലാളിമാരിൽനിന്നും നികുതി ഈടാക്കുന്നതുകൊണ്ടോ അല്ല. നികുതിയുടെ പേരിൽ അഡ്വാൻസായി രവണ്ണൻറ കളക്ഷൻ നടത്തുന്നതിനെ ആണു്. അഡ്വാൻസു് ആയി കളക്ഷൻ നടത്തുന്നതു് നികുതിയല്ല. അതു് ഒരു കച്ചവടമാണു്. അങ്ങനെ ഒരു സംഖ്യ മുൻകൂറായി വാങ്ങിക്കുകയാണു്. അതിനോടാണു് എതിർപ്പുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആണെങ്കിൽ അഡ്വാൻസ് കളക്ഷനെപ്പറ്റിയുള്ള ക്ലാസ് എതിത്താൽ മാത്രം മതിയല്ലൊ.

ശ്രീ. ടി. വി. തോമസ്: അതുകൊണ്ടാണു് ആ ക്ലാസിനെപ്പറ്റി പരിപൂർണ്ണമായ ഒരു ചർച്ച നടക്കണമെന്നു് ഞാൻ പറയുന്നതും അതിലേക്കു് വേണ്ടി സമയം അനുവദിക്കണമെന്നു് പറയുന്നതും.

SHRI PANAMPILLI GOVINDA MENON: Sir, I will make an offer. I will not move that clause.

MR. DEPUTY SPEAKER: The Bill may be taken up for consideration.

LIBRARY ARCHIVES Kerala Legislative Assembly

SHRI T. V. THOMAS: Yes, on that assurance.

SHRI PANAMPILLI GOVINDA MENON: I will have the bill without that clause. I will bring in amendments later.

SHRI P. S. NATARAJA PILLAI: Is it not a very important clause? Now the Government propose to introduce the bill without that clause. Suppose the High Court questions it?

SHRI PANAMPILLI GOVINDA MENON: The High Court has not questioned that clause. I will bring in that clause by an Ordinance.

MR. DEPUTY SPEAKER: The question that the Travancore-Cochin General Sales Tax (Second Amendment) Bill as reported by the Select Committee be taken up for consideration was put and carried.

Clause 2.

The question that clause 2 stand part of the bill was put and carried.

The clause was added to the bill.

Clause 3.

SHRI PANAMPILLI GOVINDA MENON: I move the following amendment. "Omit sub clause (ii) in clause 3". With my amendment the clause will read as follows:

In Section 3 of the Principal Act, (i) in clause (b) of sub-section (1) after the words "the tax shall be calculated", the following shall be inserted, namely:—

"at the rate of two annas and three pies for every Rupee in the turnover relating to petrol, at the rate of nine pies for every Rupee in the turnover relating to the motor spirit other than petrol,";

(iii) In sub-section (2), item (x) and the entries against it shall be omitted; and

(iv) in sub-section (5), for the expression "sub-section (1) and (2)", the expression "sub-section (1), (1A) and (2)" shall be substituted.

ശ്രീ. തോമസ് പാഴിക്കാട്ട്: അപ്പോൾ കമ്മിഷൻ സംബന്ധിച്ച് എന്താണ് പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: Collection can go on later. That clause can come in later.

SHRI P. S. NATARAJA PILLAI: So, you do not want (1A)?

SHRI PANAMPILLI GOVINDA MENON: Sub-section (ii) of Section 3 is introduced by way of abundant caution. In order to meet the point raised by the Opposition, I am prepared not to move it now.

SHRI P. S. NATARAJA PILLAI: Suppose the question is raised in the High Court. Then will there not be the necessity for a revision?

SHRI PANAMPILLI GOVINDA MENON: We will issue an ordinance to get it rectified.

ശ്രീ. ജോസഫ് ചാഴിക്കാടൻ: അങ്ങനെ ആണെങ്കിൽ ഈ കഴപ്പം വരാതെ നേരത്തേ പറഞ്ഞതുപോലെ പന്ത്രണ്ടര മുതൽ ഒരു മണിവരെ ഇതിനെപ്പറ്റിയുള്ള വാദപ്രതിവാദത്തിനു വേണ്ടിയുള്ള സമയം അനുവദിക്കുമോ?

SHRI PANAMPILLI GOVINDA MENON: I am agreeable.

The question that clause 3, as amended, stands part of the Bill was put and carried.

The clause was added to the Bill.

Clauses 4 and 5.

The question that clauses 4 and 5 stand part of the Bill was put and carried.

The clauses were added to the Bill.

Clause 1.

The question that clause 1 stand part of the Bill was put and carried.

The clause was added to the Bill.

Preamble and Title.

The question that the Preamble and the Title stand part of the Bill was put and carried.

The Preamble and the Title were added to the Bill.

SHRI PANAMPILLI GOVINDA MENON: Sir, I move that the Bill be taken up and finally passed tomorrow. At the third reading stage some re-numbering amendment may be necessary.

ശ്രീ. ടി. വി. തോമസ്: പ്രിവിലേജ് മോഷൻ നാളത്തേക്കു വച്ചിരിക്കുകയാണല്ലോ. അതുകഴിഞ്ഞു ഈ കാര്യം ചർച്ചചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: Then it may be taken up at 12 because some time may be necessary.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കുറച്ചുമുൻപേ പറഞ്ഞു അര മണിക്കൂർ മതിയെന്ന്. ഇപ്പോൾ പറയുന്ന കൂടുതൽ വേണമെന്ന്.

SHRI PANAMPILLI GOVINDA MENON: That again is by way of abundant caution. I am expressing my great anxiety to see that the Bill is finally passed. On no account do I want an eventuality to happen under which the Bill will not be passed.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ചോദ്യം 9 കഴിഞ്ഞിട്ട് 10 എടുക്കുകയാണെങ്കിൽ അര മണിക്കൂർ മതി. 10 എടുത്തിട്ട 9 എടുക്കുകയാണെങ്കിൽ കൂടുതൽ സമയം വേണമെന്ന പറയുന്നതുപോലെ ആണ് ഇതു്.

MR. DEPUTY SPEAKER: According to rules Question of Privilege gets top priority above all other business. So, this Bill can come up only after the Question of Privilege. Therefore, the bill will be taken up at 12-30.

The Travancore-Cochin Court Fees (Amendment) Bill, 1955.

ശ്രീ. ടി. വി. തോമസ്സ്: സർ, അടുത്തതായി എടുക്കാൻപോകുന്ന കോർട്ടഫീസ് അമൻഡ്മെൻറ്ബില്ലിലും മഴലികമായ ചില പ്രശ്നങ്ങൾ ഉന്നയിച്ചു് ചർച്ച ചെയ്യേണ്ടതുണ്ടു്. അതുകൊണ്ടു് റൂൾ 90 അനുസരിച്ചു് ആ അവകാശംകൂടി നിഷേധിക്കരുതെന്നു് ഞാൻ മുൻകൂട്ടി അറിയിച്ചുകൊള്ളുന്നു.

SHRI PANAMPILLI GOVINDA MENON: It may be taken up to-morrow.

The Municipal and Panchayats (Amendment) Bill.

Minister for Local Self-Government (SHRI K. KOCHUKUTTAN): Sir, I move that the Municipal and Panchayats (Amendment) Bill as reported by the Select Committee be taken up for consideration.

Minister for Works (SHRI K. I. VELAYUDHAN): I second it.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഇവിടെ അവതരിപ്പിച്ച ബിൽ, സിറ്റി മുനിസിപ്പൽ ആക്റ്റിലും, കൊച്ചിൻ മുനിസിപ്പൽ ആക്റ്റിലും, തിരുവിതാംകൂർ-കൊച്ചി പഞ്ചായത്തു് ആക്റ്റിലും ചില ഭേദഗതികൾ വരുത്തുന്നതിനുള്ള ഒരു ബില്ലായിരുന്നു. ഗവണ്മെൻറിനു് ഇന്നുള്ള ഭരണാധികാരം Director of Local Bodies-നു് നല്കുന്നതിനുള്ള ഭേദഗതിയായിരുന്നു സിറ്റി മുനിസിപ്പൽ ആക്റ്റിലും കൊച്ചിൻ മുനിസിപ്പൽ ആക്റ്റിലും നിർദ്ദേശിച്ചതു്. പഞ്ചായത്തു് ഡയറക്ടർക്കുള്ള അധികാരം

LIBRARY ARCHIVES Kerala Legislative Assembly